## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 615 — 29.07.2015-ൽ മറുപടിയ്ക്ക്

### ട്രാഫിക് നിയമം നടപ്പാക്കാൻ ആധുനിക സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ട്രാഫിക് നിയമം നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ട്രാഫിക് നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, സ്പീഡ് റഡാറുകൾ, ആൽക്കോമീറ്ററുകൾ തുടങ്ങിയ ഉപകരണങ്ങളും ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങളും സംസ്ഥാന പോലീസ് ഉപയോഗിക്കുന്നുണ്ട്. കേരള പോലീസ് കൂടുതലായും ഓട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ് സംവിധാനമാണ് ഉപയോഗിക്കുന്നത്. റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായം സ്വീകരിച്ചും പോലീസ് വകുപ്പ് ആധുനികവൽകരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കേരള പോലീസ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുമായി ചേർന്ന് എൻഫോഴ്സ്മെന്റ് , ബോധവൽക്കരണം എന്നിവയെല്ലാം സമന്വയിപ്പിച്ച് "ശുഭയാത്ര 2015 " പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) എല്ലാ വിഭാഗങ്ങളുടെയും ബഹുമുഖ സഹകരണത്തിലൂടെ കേരളത്തിലെ റോഡ് ഗതാഗതം സുഗമമാക്കികൊണ്ട് കൂടുതൽ |

സുരക്ഷിതമായ റോഡ് യാത്ര ഉറപ്പാക്കുക, അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ, സിഗ്നൽ തെറ്റിക്കൽ, മറ്റു ട്രാഫിക് നിയമ ലംഘനങ്ങൾ എന്നിവ തടയുക, റോഡപകടങ്ങൾ കുറയ്ക്കുക, ട്രാഫിക് അപകടങ്ങൾ ഇല്ലാതെ സുഗമമായി പ്രവർത്തിക്കുക വഴി പൊതുജന സൗഹൃദം മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

| | |
|---|---|
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽഎന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) 2014-15 സാമ്പത്തികവർഷത്തേയ്ക്ക് 2.5 കോടി രൂപ കേരളാ റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് ട്രാഫിക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്ക് ട്രാഫിക് ബോധവൽക്കരണം നൽകുന്നതിനും, പോലീസുദ്യോഗസ്ഥർക്ക് ട്രാഫിക് നിയമങ്ങൾ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും, വാഹനാപകടങ്ങളുണ്ടാകുമ്പോൾ അതിവേഗം പ്രവർത്തിയ്ക്കുന്നതിനു വേണ്ടി രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള 160 ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും, പുതിയ 50 ഹൈവേ സുരക്ഷാ ജാഗ്രത സമിതികൾ രൂപവത്കരിക്കുന്നതിനും, ഡ്രൈവർമാർക്ക് പരിശീലനവും, ബോധവത്കരണവും നൽകുന്നതിനും കേരളമൊട്ടാകെ അത്യാധുനിക ട്രാഫിക് ഉപകരണങ്ങൾ വാങ്ങുന്നതിനും, 2011-12 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 3.1 കോടി രൂപയും കേരളാ റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്നും സംസ്ഥാന പോലീസ് വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ